LIBRARY ARCHIVES Kerala Legislative Assembly

ഓച്ചിറ പദ്ധതി നിർമ്മാണ പുരോഗതി

70 [227] ശ്രീ. എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി, ഓച്ചിറ, ക്ലാപ്പന, കുലശേഖരപുരം പഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ ആസൂത്രണം ചെയ്തിട്ടുള്ള ഓച്ചിറ പദ്ധതിയുടെ പുരോഗതി ഏതു ഘട്ടംവരെയായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി ആരംഭിക്കുന്നതിന് തടസ്സങ്ങൾ എന്തെങ്കിലും നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ പദ്ധതി എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഓച്ചിറ പദ്ധതിക്കുവേണ്ടിയുള്ള കിണറും പമ്പ് ഹൗസും സ്ഥാപിക്കുന്നതിനുള്ള സ്ഥലം മുൻകൂറായി ലഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കിണറിന്റേയും പമ്പ് ഹൗസിന്റേയും എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. 15 എം.എൽ.ഡി. ജലശുദ്ധീകരണശാലയ്ക്കുവേണ്ടി 66.57 ആർ സ്ഥലം വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജല ശുദ്ധീകരണശാലയുടേയും ജലസംഭരണികളുടേയും ടെൻഡർ നടപടികൾ നടന്നുവരുന്നു.

(ബി) പദ്ധതിക്കുവേണ്ടിയുള്ള കിണറും പമ്പ് ഹൗസും ജല ശുദ്ധീകരണ ശാലയും സ്ഥാപിക്കുവാനുള്ള സ്ഥലം ഇതുവരെ ലഭിച്ചിട്ടില്ല. സ്ഥലം ലഭ്യമായാൽ മാത്രമേ പണികൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

(സി) പദ്ധതിക്കു വേണ്ടിയുള്ള സ്ഥലങ്ങൾ എല്ലാം ലഭ്യമായാൽ അന്നു മുതൽ ഏകദേശം 30 മാസംകൊണ്ട് പണികൾ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കൊയിലാണ്ടിയിലേയും പരിസര പ്രദേശങ്ങളിലേയും ശുദ്ധജലവിതരണ പദ്ധതി

71 [228] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടിയിലേയും പരിസര പ്രദേശങ്ങളിലേയും പഞ്ചായത്തുകൾക്ക് ശുദ്ധജലമെത്തിക്കുവാൻ പെരുവണ്ണാൻമുഴിയിൽ നിന്നും ജലം എത്തിക്കുവാനുള്ള പദ്ധതി പ്രവർത്തനം ആരംഭിച്ചത് എന്നാണ് എന്ന് വെളിപ്പെടുത്താമോ;